# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/2260/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൂണേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/2260/2022 തീയ്യതി: 27/01/2023

# കോഴിക്കോട് ജില്ലയിലെ തുണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തുണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി. ഷൈന. അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനൂപ്. കെ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷാഹിന പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ രാജീവൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2021 | 25-08-2021 |
| | | 27-01-2022 | 06-02-2022 |
| ശ്രീമതി.രാജശ്രീ സി.എച്ച് | സെക്രട്ടറി | 01-04-2021 | 03-08-2021 |
| | | 26-08-2021 | 26-01-2022 |
| | | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ. മനോജൻ | അസി.സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ രാജീവൻ വി | അസി.സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീമതി.സൗമ്യവതി എൻ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾസലാം എസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ. സജിത് വി.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.മഹേഷ് കെ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആര്യ വി കെ | വി.ഇ.ഒ | 19-07-2021 | 07-02-2022 |
| ശ്രീമതി. അനഘ പി ടി | വി.ഇ.ഒ | 07-02-2022 | 31-03-2022 |
| ശ്രീമതി.അപർണ എം.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 02-07-2021 |
| ശ്രീമതി. രമ എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-07-2021 | 18-12-2021 |
| ശ്രീമതി. ശാലിനി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-12-2021 | 31-03-2022 |
| ശ്രീ.അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് റോഷൻ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ പി | കൃഷി ഓഫീസർ | 01-04-2021 | 01-08-2021 |
| ശ്രീമതി ഹരിത ടി ആർ | കൃഷി ഓഫീസർ | 02-08-2021 | 26-10-2021 |
| ശ്രീമതി. ദൃശ്യ. ഡി എസ് | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ശ്രീമതി ഡിൽന ഡി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.മുസ്തഫ കെ.ടി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 24-05-2021 |
| ശ്രീ. സജി കെ എസ് | സീനിയർ വെറ്ററിനറി സർജൻ | 24-05-2021 | 01-09-2021 |
| ശ്രീ. സാരഥി എസ് | സീനിയർ വെറ്ററിനറി സർജൻ | 01-09-2021 | 03-03-2022 |
| ശ്രീ. അഖിൽ കെ | സീനിയർ വെറ്ററിനറി സർജൻ | 04-03-2022 | 31-03-2022 |
| ശ്രീ. ശിവപ്രസാദ് എസ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 24-11-2021 |
| ശ്രീമതി. സുനിഷ ഇ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-12-2021 | 31-03-2022 |
| ശ്രീമതി. ആര്യ എം കെ | ഹെഡ്മിസ്ട്രസ് | 16-08-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | വാർഷികധനകാര്യപത്രിക | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 11 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 12 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. | 1-12 |
| 13 | റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം | 1-13 |
| 14 | എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത | 1-14 |
| 15 | ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു | 1-15 |
| 16 | കുള്ളൻ തെങ്ങിൻതൈ വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 17 | മുട്ടഗ്രാമം പദ്ധതിയിൽ വിതരണം ചെയ്ത കോഴികൾ ചത്തു - വിതരണക്കാരനെതിരെ നടപടി സ്വീകരിച്ചില്ല | 1-17 |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ പദ്ധതി - അധിക തുക ചെലവഴിച്ചു | 1-18 |
| 19 | ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 20 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-20 |
| 21 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-21 |
| 22 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 23 | ഒരേ പേരിൽ വ്യത്യസ്ത റോഡുകളിൽ പ്രവർത്തികൾ നടപ്പിലാക്കുന്നു നടത്തിയ പ്രവർത്തി ചെയിനേജിൽ അവ്യക്തത | 1-23 |
| 24 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-24 |
| 25 | ഹരിത കർമ്മ സേന അജൈവ മാലിന്യം കയറ്റി അയക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 26 | മാലിന്യം സൂക്ഷിക്കാൻ പോളിത്തീൻ പായ വാടകയ്ക്ക് എടുത്തത് വീഴ്ച | 1-26 |

| | | |
|---|---|---|
| 27 | എം സി എഫിനായി കെട്ടിടം/സ്ഥലം വാടകയ്ക്ക് എടുത്തത് -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-27 |
| 28 | ഹോമിയോആശുപത്രികളിലേക്ക് മരുന്നുകൾ ലഭ്യമായില്ല പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-28 |
| 29 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല | 1-29 |
| 30 | ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്തത്- ചെലവ് ഒഴിവാക്കാവുന്നത് | 1-30 |
| 31 | അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല | 1-31 |
| 32 | സാക്ഷരത പ്രേരക മാർക്ക് ഓണറേറിയം നൽകിയത് - തിരികെ ലഭിച്ചിട്ടില്ല. | 1-32 |
| 33 | മുൻകൂർ ക്രമപ്പെടുത്തിയില്ല | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6. |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 17.2.21 ലെ 24/21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശെ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4857269 |
| വരവ് | 269677000 |
| ആകെ | 274534269 |
| ചെലവ് | 268703000 |
| നീക്കിയിരിപ്പ് | 5831269 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ പ്രധാനമായും സംഭവിച്ചിട്ടുണ്ട്.

എ) NREGS ആക്ഷൻ പ്ലാൻ എസ്റ്റിമേറ്റും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

14.1.21 തീയതിയിലെ 3/21(2)നമ്പർ തീരുമാനപ്രകാരം 131175000/-രൂപയുടെ ആക്ഷൻ പ്ലാനിന് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്.ഈ തീയതിക്കു ശേഷം ഭരണസമിതി തന്നെ അംഗീകാരം നല്കിയ ബജറ്റ് പ്രകാരം റവന്യൂ,മൂലധന ചെലവുകൾക്കായി 153175000/-രൂപയുടെ പ്രൊവിഷൻ ഈ പദ്ധതിക്കായി നല്കിയിട്ടുണ്ട്.അതായത് ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത,എന്തിനെന്ന് തിരിച്ചറിയാത്ത കാര്യങ്ങൾക്ക് 2.2കോടിയുടെ പ്രൊവിഷൻ ബജറ്റിൽ നല്കിയെന്നു കാണാം. ഇത് ബജറ്റ് തയ്യാറാക്കിയതിലെ സൂക്ഷ്മത കുറവ് വെളിവാക്കുന്നുണ്ട്.

ബി) വരവിലും ചെലവിലും വായ്പയ്ക്കായി അനാവശ്യ പ്രൊവിഷൻ നല്കി

വായ്പയിലൂടെ സമാഹരിക്കുന്ന മൂലധന വരവായി,മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 50ലക്ഷം രൂപ സമാഹരിക്കാൻ ബജറ്റ് വിഭാവനം ചെയ്യുന്നുണ്ട്. എന്നാൽ ഇത് എന്തിനാണെന്ന് കാണിക്കുന്ന വർക്ക് ഷീറ്റോ മറ്റ് രേഖകളോ ബജറ്റിനൊപ്പമില്ല.കൂടാതെ ,ഈ ഇനത്തിൽ തൻവർഷം വരവൊന്നും ഇല്ലെന്ന് വാർഷികകണക്ക് സാക്ഷ്യപ്പെടുത്തുന്നു.ചെലവിലും ഇതേ ഇനത്തിൽ ഇതേ തുകയ്ക്ക് പ്രൊവിഷൻ നല്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ ചെലവ് 1085333/- രൂപ മാത്രമേ വരുന്നുള്ളൂ.വ്യക്തതയില്ലാതെ ഇപ്രകാരം വകയിരുത്തലുകൾ നടത്തുന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

സി) വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയിൽ അപാകത

ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്ക് 3446000/-രൂപ വകയിരുത്തിയിട്ടുണ്ട്. മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ തനത് വരുമാനത്തിൽ നിന്നും നീക്കിയിരിപ്പും അനിവാര്യറവന്യൂ ചെലവുകൾക്ക് വകയിരുത്തിയ തുകയും കുറച്ചാൽ കിട്ടുന്ന തുകയാണിത് .എന്നാൽ 19.2.21 തീയതിയിൽ ഭരണസമിതി അംഗീകാരം നല്കിയ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 445000/- രൂപ മാത്രമാണ് വകയിരുത്തിയത്.എന്തിനു വകയിരുത്തിയെന്ന് വ്യക്തതയില്ലാതെ ബജറ്റിൽ 3001000/-(3446000-445000)രൂപ വകയിരുത്തിയതിന് വിശദീകരണം നല്കേണ്ടതാണ്.

ഡി)വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കുന്നില്ല

വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ ,സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് അംഗീകാരമില്ലാതെ, പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ബജറ്റ് പുതുക്കി മാത്രമേ ബജറ്റ് പ്രൊവിഷനതീതമായുള്ള വരവ്

ചെലവുകൾ വഹിക്കാവൂ എന്നിരിക്കെ ,വർഷാവസാനം ബജറ്റ് പുതുക്കുന്നതിലൂടെ മാത്രമേ ഈ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്നുള്ളൂ. ഓഡിറ്റ് വർഷത്തെ വിശദാംശങ്ങൾ പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും(NREGS ഉൾപ്പടെ) തമ്മിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും പൊരുത്തമില്ലെന്ന് ക്രമ നം (എ) പ്രകാരമുള്ള പരാമർശത്തിൽ നിന്നും വ്യക്തമാണ്. ഇത് കൂടാതെ വിവിധ തീയതികളിലായി നിരന്തരം വാർഷിക പദ്ധതിക്ക് സ്ഥാപനം ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയിരിക്കുന്നത് വർഷാവസാനമാണെന്ന് കാണാം.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12302354.25 |
| വരവ് | 60616409.00 |
| ആകെ | 72918763.25 |
| ചെലവ് | 55131453.00 |
| നീക്കിയിരിപ്പ് | 17787310.25 |

## 1-3 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12360862 | 12360862 | 11748668 | 612194 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 666660 | 666660 | 664999 | 1661 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 14536000 | 14536000 | 8716302 | 5819698 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4853319 | 4853319 | 4188200 | 665119 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 2071564 | 2071564 | 1154164 | 917400 |

| | | | | | |
|---|---|---|---|---|---|
| – അൺടൈഡ് (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ( ബാങ്ക് മുഖേന) | 0 | 2577000 | 2577000 | 2142669 | 434331 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 3001769 | 3001769 | 1540062 | 1461707 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 0 | 3866000 | 3866000 | 565714 | 3300286 |
| *കേന്ദ്രാവിഷ്കൃത ഫണ്ടുകൾ* | | | | | |
| *ഐ.സി.ഡി.എസ്* | 1237921 | 1326463 | 2564384 | 1000000 | 1564384 |
| *എസ്.എസ്സ്.എ* | 66373 | 2491 | 68864 | 68864 | 0 |
| *സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ* | | | | | |
| *ശുചിത്വ മിഷൻ ഫണ്ട്* | *3058625* | 0 | *3058625* | 295290 | 2763335 |

1-4-1. ഗ്രാന്റ് വിനിയോഗ പത്രിക

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 64133611 | 86 | 39864369 | 28 | 19 | 78.94% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2079.50 | 936262 | 938341.5 | 938341.5 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 71097074 | 71097074 | 71097074 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9733200 | 641 |
| വിധവാപെൻഷൻ | 14808100 | 964 |
| വാർദ്ധക്യകാലപെൻഷൻ | 27197500 | 1853 |
| വികലാംഗപെൻഷൻ | 4785600 | 311 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 675600 | 45 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6818/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-9 വാർഷിക കണക്കുകളുടെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ക്രമവത്കരണ രജിസ്റ്റർ എന്നിവയിൽ വാർഷിക സംഗ്രഹം എഴുതിത്തയ്യാറാക്കിയിട്ടില്ല.

2. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ

രേഖപ്പെടുത്തൽ വരുത്തുന്നത്. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

3. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

4. വാർഷിക കണക്കിലെ ഇൻകം& എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതി ഭരണേതര ചെലവുകൾക്കുള്ള വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 72035415 രൂപയാണ്. എന്നാൽ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം ഇത് 71097074 രൂപ മാത്രമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന് 10000 രൂപ ഇൻവെസ്റ്റ്മെന്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ , രജിസ്റ്റർ എന്നിവ സ്ഥാപനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- വാഹനം, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ.

7.വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള മെയ്ന്റനൻസ് ഫണ്ട് റോഡ്, നോൺറോഡ് ഗ്രാന്റുകളുടെ വരവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

8. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിപ്രീസിയേഷൻ നിരക്ക് സംബന്ധിച്ച വർക്ക്ഷീറ്റ് എന്നിവയും തയ്യാറാക്കിയിട്ടില്ല.

9. മൂന്ന് വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ജീവനക്കാരുടെ ജോലി വിഭജനം രേഖപ്പെടുത്തിയ വിശദമായ ഓഫീസ് ഉത്തരവ് നിലവിലുണ്ട്. പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. സ്ത്രീകളുടെയും വയോധികരുടെയും ഉന്നമനത്തിന് ആവശ്യമായ പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 2010-11 മുതലുള്ള മുൻകുറുകൾ ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ ക്രമ നമ്പർ രേഖപ്പെടുത്താത്തതിനാൽ ആകെ എത്ര വാണിജ്യ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമല്ല.

## 1-11 തൊഴിൽ നികുതി അപാകതകൾ

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങിയിട്ടില്ല.

2.കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥന്മാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ആവശ്യപ്പെടുകയോ, തൊഴിലുടമകൾ അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ സമർപ്പിച്ചിട്ടുമില്ല. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4. ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 54 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 470 കെട്ടിടങ്ങൾക്കായി 329 പേർ ലൈസൻസ് എടുത്തതിന്റെ കൂടെ തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ട്. 8 വാണിജ്യ കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ 2021-22 വർഷത്തിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച് നൽകിയ 1209 കെട്ടിടങ്ങളിൽ 731 കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കുകയും തൊഴിൽനികുതി അടയ്ക്കുകയും ചെയ്തിട്ടില്ല.

5. 2021-22 വർഷത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിട ഉടമകളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഇവരെല്ലാം തന്നെ സ്വയം വാണിജ്യം ചെയ്യുന്നവരോ അല്ലെങ്കിൽ കെട്ടിടം വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നവരോ ആണ്. കെട്ടിട ഉടമകളുടെ വാടക വരുമാനം കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമരശിച്ചിരുന്നെങ്കിലും ആയത് 2021-22 വർഷങ്ങളിലും പരിഹരിച്ചതായി കാണുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-12 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പ്രകാരം 2021-22 വർഷത്തിൽ ആകെ വന്ന 284 കെട്ടിട നിർമ്മാണ പെർമിറ്റ് /ക്രമവൽക്കരണ അപേക്ഷകളിൽ 92 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. ആകെ അപേക്ഷകളുടെ 32%

ക്രമവൽക്കരണത്തിനുള്ളവയാണ്. പഞ്ചായത്തിൽ 2021-22 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 204373/-രൂപയും ക്രമവൽക്കരണ ഫീ 277586/-രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ അനധികൃത നിർമ്മാണം നടക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർവ്വഹിച്ച് പണി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുകയും ചെയ്തു വരുന്ന പ്രവണത പഞ്ചായത്തിൽ കാണുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങളുടെ അപേക്ഷ നിരസിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടിയിരുന്നതും അവയെ അനധികൃത കെട്ടിട നിർമ്മാണമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. എന്നാൽ ഇത്തരം നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ക്രമവൽക്കരണ അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ 11 അപേക്ഷകൾ നിരസിച്ചുവെങ്കിലും ഇവയൊന്നും തന്നെ അനധികൃത കെട്ടിടമായി കണക്കാക്കി അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഇത്തരം അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതുവരെ ഒരു പരിശോധനാ സംവിധാനം ഒരുക്കിയിട്ടില്ല. വിശദമായി ജോലി വിഭജനം നടത്തി ഫീൽഡ് പരിശോധനാ ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയിട്ടില്ല. വാർഡ് ക്ലാർക്കുമാർ ഒരു അനധികൃത നിർമ്മാണം പോലും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. അപാകതകൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നിട്ടും ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും സ്വീകരിച്ചതായി കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

തൂണേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 350 ആണ്. എന്നാൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 690 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം,തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 690 | 350 |
| വീതി അഞ്ച് മീറ്ററും അതിന് മുകളിലും | 63 | 32 |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 626 | ഇത് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല |
| വീതി ഒന്നര മീറ്ററിൽ കുറവ് | 1 | 0 |

ആസ്തി രജിസ്റ്റർ പ്രകാരം വീതി അഞ്ച് മീറ്ററും അതിന് മുകളിലും ഉള്ള റോഡുകളുടെ എണ്ണം 63 എണ്ണവും റോഡ് മാസ്റ്റർ പ്രകാരം 32 എണ്ണവുമാണ്. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന നികുതിക്ക് മേൽ 20

ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നു. മുഴുവൻ റോഡുകളും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-14 എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി വിനിയോഗിച്ച എം.ബുക്കുകളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് ഓഫീസിലെ എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ, രജിസ്റ്ററിൽ ബുക്കുകളുടെ വരവ് രേഖപ്പെടുത്തുകയോ, വിതരണം ചെയ്തതിന് ശേഷമുള്ള നീക്കിയിരിപ്പ് ചേർക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിലെ പേജ് നം. 43 പ്രകാരം 22.2. 2021 ൽ 50 ബുക്കുകൾ ( നം. 120 മുതൽ 169 വരെ) AE LSGD യ്ക്ക് വിതരണം ചെയ്തതിന് ശേഷം നീക്കിയിരിപ്പ് ഇല്ല. എന്നാൽ ഇതിന് ശേഷം രജിസ്റ്ററിൽ ബുക്കുകളുടെ വരവ് രേഖപ്പെടുത്തിട്ടില്ലെങ്കിലും താഴെ പറയുംവിധം വിതരണം ചെയ്തതായി ചേർക്കുകയും AE LSGD , AE MNREGS എന്നിവർ ബുക്കുകൾ കൈപ്പറ്റിയതായി ഒപ്പ് വെച്ചതായും കാണുന്നു. കൂടാതെ എത്ര പേജുകളുള്ള ബുക്കുകളാണ് വിതരണം ചെയ്തതെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| തിയ്യതി | വിതരണം ചെയ്ത ബുക്കുകളുടെ എണ്ണം | ബുക്ക നമ്പർ | കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|
| 22.2.2021 | 100 | 170 മുതൽ 269 വരെ | AE MNREGS |
| 12.10.2021 | 13 | 170 മുതൽ 282 വരെ | AE LSGD |
| 11.11.2021 | 100 | 283 മുതൽ 282 വരെ | AE MNREGS |
| 11.8.2022 | 2 | 1 മുതൽ 2 വരെ | AE LSGD |
| 11.8.2022 | 60 | 3 മുതൽ 62 വരെ | AE MNREGS |
| 16.8.2022 | 1 | 63 | AE LSGD |

2. എം ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ ഓഫീസിൽ നിന്നും ലഭിക്കുന്ന എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽത്തന്നെ എത്ര ബുക്കുകൾ ലഭിച്ചെന്നോ , ഏതെല്ലാം ബുക്കുകൾ ഏതെല്ലാം പ്രവർത്തികൾക്കാണ് നൽകിയിരിക്കുന്നതെന്നോ, എത്ര എണ്ണം നീക്കിയിരിപ്പുണ്ടെന്നോ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസുകളിലില്ല.

പഞ്ചായത്ത് ഓഫീസിലെ എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും,തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ ആകെ 25 അങ്കണവാടികളാണുള്ളത്. ഇതിൽ 19 അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയുള്ളവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 17.05.2022 ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ അങ്കണവാടി കെട്ടിടങ്ങൾ പരിശോധിക്കുകയുണ്ടായി. ഇതിൽ 18 കെട്ടിടങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഫിറ്റ്നെസ് ഇല്ലെന്ന് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളുടെ അപാകതകൾ പരിഹരിക്കുന്നതിന് പദ്ധതി വർഷം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി വർഷം മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്

ഇനത്തിൽ 665119/- രൂപ ലാപ്സായിട്ടുണ്ട്. നിരവധി അങ്കണവാടി കെട്ടിടങ്ങൾ റിപ്പയർ നടത്താനുണ്ടായിരിക്കേ ഗ്രാന്റ് തുക നഷ്ടപ്പെട്ടത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-6/21-22/19.11.22) മറുപടി സമർപ്പിച്ചിട്ടില്ല. അങ്കണവാടികളിൽ പഠിക്കുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്താൻ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

1-16 കുള്ളൻ തെങ്ങിൻതൈ വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയില്ല

പദ്ധതി വർഷം കുള്ളൻ തെങ്ങിൻതൈ വിതരണം ചെയ്യാൻ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 51/22 |
| അടങ്കൽ | 202500/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 202500/- |
| ബിൽനം. തി. | 365/22/18.11.22 |

അമൃത കാർഷിക നേഴ്സറി വെള്ളൂർ എന്ന അംഗീകൃത കാർഷിക നേഴ്സറിയിൽ നിന്ന് 1500 കുള്ളൻ തെങ്ങിൻതൈകൾ വാങ്ങി വിതരണം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ തൈകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/22/19.11.22) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

1-17 മുട്ടഗ്രാമം പദ്ധതിയിൽ വിതരണം ചെയ്ത കോഴികൾ ചത്തു - വിതരണക്കാരനെതിരെ നടപടി സ്വീകരിച്ചില്ല

പദ്ധതി വർഷം മുട്ടക്കോഴി വിതരണ പദ്ധതി നടപ്പാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്റി.സർജൻ |
| പ്രോജക്ട് നം. | 14/22 |
| അടങ്കൽ | 712800/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 356400/- |

| | |
|---|---|
| ബിൽനം. തി. | 404/22/23.2.22 |

പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 10 വീതം കോഴികളെ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി.ആകെ 5940 കോഴികളെയാണ് വിതരണം ചെയ്തത്. മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള കുരാച്ചുണ്ട് എഗ്ഗർ നേഴ്സറിയാണ് കോഴികളെ വിതരണം ചെയ്തത്. എന്നാൽ വിതരണം ചെയ്തതിൽ നിരവധി കോഴികൾ ചത്തൊടുങ്ങിയതായി വാർഡ് മെമ്പർമാർ പരാതിപ്പെട്ടതിനെതുടർന്ന്, ഭരണസമിതിയുടെ 19.02.2022 ലെ 1/36/22 (2) നമ്പർ തീരുമാനപ്രകാരം വെറ്റിനറിസർജനോട് റിപ്പോർട്ട് തേടുകയുണ്ടായി. കോഴികൾക്ക് കൃത്യമായി പ്രതിരോധ കുത്തിവെപ്പുകളും മറ്റ് മരുന്നുകളും നൽകിയിട്ടുണ്ടെന്നും,കർഷകരുടെ ഭാഗത്തുനിന്നുണ്ടായ പരിചരണക്കുറവുകൊണ്ടാണ് കോഴികൾ ചത്തതെന്നും വെറ്റിനറി സർജൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതുകൊണ്ട് എഗ്ഗർ നേഴ്സറിക്കെതിരെ നടപടി എടുക്കാൻ കഴിയില്ലെന്നും പരാമർശിച്ചിട്ടുണ്ട്. ചത്തകോഴികളെ സമയബന്ധിതമായി പോസ്റ്റുമോർട്ടം ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 356400/- രൂപ എഗ്ഗർ നേഴ്സറിക്ക് നൽകാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. കോഴികൾ ചത്തതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നഷ്ടമുണ്ടായിട്ടുണ്ട്. നടപടികൾ സ്വീകരിക്കുന്നതിലുണ്ടയ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/22/18.11.22) മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക ഗുണഭോക്താക്കൾക്ക് തിരിച്ച നൽകാനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ പദ്ധതി - അധിക തുക ചെലവഴിച്ചു

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 151/22 |
| അടങ്കൽ | 120000/- |
| ഫണ്ട് | വികസനം (SCP) |
| ചെലവ് | 42797/- |
| ബിൽനം. തി. | 869/22/24.3.22 |

ഡിഎ1/363/2019/എൽ.എസ്.ജി.ഡി/20.01.20 നമ്പർ ഉത്തരവിൽ മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പുകൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് വാങ്ങി നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉബുണ്ടു അധിഷ്ഠിതമായ ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ളതിന് 22895/-രൂപയും, വിൻഡോസ് അധിഷ്ഠിതമായതിന് 27722/- രൂപയുമാണ് ഇതിന് വിലയായി നിശ്ചയിച്ചിരിക്കുന്നത്. ജി.ഒ (ആർ.ടി) നം.482/22/എൽ.എസ്.ജി.ഡി/28.2.22 പ്രകാരമുള്ള ഉത്തരവിൽ GEM മുഖേന കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് GEM മുഖേനയാണ് വാങ്ങി നൽകിയിരിക്കുന്നത്.

ഒരു ഗുണഭോക്താവിനാണ് ലാപ് വാങ്ങി നൽയത് . ഇതിനായി 42797/- രൂപ ചെലവഴിച്ചു. ഓപ്പൺ ടെണ്ടർ മുഖേന വാങ്ങിയിരുന്നെങ്കിൽ കുറഞ്ഞ വിലയ്ക്ക് ലഭിക്കുമായിരുന്ന ലാപ് ടോപ്പ് GEM മുഖേന വാങ്ങിയതിനാൽ കൂടുതൽ തുക ചെലവഴിച്ചു.

അധിക തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം വിവിധ ഗ്രാമ പഞ്ചായത്തുകൾ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും, ടെണ്ടർ/ഇ ടെണ്ടർ മുഖേന ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങുമ്പോൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കാൻ സാധ്യതയുണ്ടെന്ന കാര്യം അറിയിക്കുകയും ചെയ്തിരുന്നു. 10.02.2022 ന് ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി ഈ കാര്യം വിശദമായി ചർച്ച ചെയ്യുകയും ഗ്രാമ പഞ്ചായത്തുകളുടെ അഭിപ്രായം പരിഗണിക്കാതെ കമ്പ്യൂട്ടറുകൾ GEM മുഖേനതന്നെ വാങ്ങുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ അമിത വിലയ്ക്ക് GEM പോർട്ടൽ വഴി കമ്പ്യൂട്ടറുകൾ വാങ്ങുന്ന അവസ്ഥയാണുള്ളത്. ഇതുമൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടമാണുണ്ടാകുന്നത്. മാത്രമല്ല കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള സാഹചര്യം നഷ്ടമാവുകയും ചെയ്യുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/22/19.11.22) മറുപടി നൽകിയിട്ടില്ല. പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി - 191/22

ചെലവ് തുക - 135319 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്)

ബിൽ നമ്പർ - 406564/22.3.22

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമ പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിയിലേക്കാവശ്യമായ ഫർണിച്ചറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) വാങ്ങൽ നടപടികളിൽ പ്രോക്യയർമെന്റ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായില്ല.

ഗ്രാമപഞ്ചായത്തിലെ പ്രോക്യയർമെന്റ് കമ്മറ്റി മിനുട്സ് പരിശേധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. 10.3.22 ന് പദ്ധതിയിൽ ഉൾപ്പെട്ട സാധനങ്ങൾ വാങ്ങാൻ പ്രൊക്യർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഗ്രാമ പഞ്ചായത്തിന് കത്തയയ്ക്കുന്നുണ്ട്. എന്നാൽ പ്രോക്യയർമെന്റ് കമ്മറ്റിയിൽ ഈ പദ്ധതി സംമ്പന്ധിച്ച ചർച്ച ഉണ്ടായിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് വാങ്ങൽ നടപടി അംഗീകരിച്ച് ഭരണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2. ആവശ്യകത നിർണ്ണയിച്ചതിലെ അപാകത

വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല. അലമാര, റാക്ക്, ഫാർമസി മോഡ്യുലാർ റാക്ക് എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും ഇവയുടെ നിർമ്മാണ വസ്തുവിന്റെ തരം എന്തെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. ആർട്കോ എന്ന ഗവ അംഗീകൃത സ്ഥാപനം വഴി നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ഇവർ ചെറിയ ഒരു ഏരിയയിലുള്ള കിച്ചൺ റാക്കുകൾ ആണ് പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ളത് . ഇത് ആശുപത്രിയുടെ ആവശ്യങ്ങൾക്ക് പര്യാപ്തമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും (ശമ്പളം, കറന്റ് ചാർജ്ജ് പോലുള്ള പ്രതിമാസ

ചെലവുകൾ ഒഴികെയുള്ള) നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ,പേമന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ / സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്.ഇത്തരം ചെലവുകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | വൌച്ചർ നം | തുക |
|---|---|---|---|
| 1 | ഫോട്ടോസ്റ്റാറ്റ് ടോണർ റീഫിൽ | 22100189/21.6.21 | 10850/- |
| 2 | MCFവാടക | 22100106/6.5.21 | 36000/- |
| 3 | പ്ലാസ്റ്റിക് മാലിന്യംMCF ലേക്ക് മാറ്റൽ | 22100197/28.6.21 | 21885/- |

ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും, തുടർന്നങ്ങോട്ടുള്ള ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് വഹിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-21 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

പഞ്ചായത്തിലെ 2019-2022 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള അഗതി ആശ്രയ പദ്ധതിയിൽ 132 ഗുണഭോക്താക്കൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 3 ഗുണഭോക്താക്കൾ മരണപ്പെട്ടു. അഗതി രഹിതകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ ഗുണ ഭോക്താക്കൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന പദ്ധതികൾക്കാണ് ഗ്രാമ പഞ്ചായത്ത് പ്രഥമ പരിഗണന നൽകേണ്ടത്. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയില്ല.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന 28 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകേണ്ടതുണ്ട്. സി.ഡി.എസ് ഓഫീസിൽ നിന്ന് ലഭ്യമാക്കിയ കണക്ക് പ്രകാരം ഈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീ.അഹമ്മദ് വെളുത്ത പറമ്പത്ത് | 11 |
| 2 | ശ്രീ.കുഞ്ഞിരാമൻ | 5 |
| 3 | ശ്രീമതി.ചിരുത പുതിയോട്ടിൽ | 5 |
| 4 | ശ്രീമതി.കല്ല്യാണി കുന്നത്ത് പൊയിൽ | 12 |
| 5 | ശ്രീ.മുത്തുരാമൻ കോയിമ്പ്രത്ത് | 8 |

| | | |
|---|---|---|
| 6 | ശ്രീമതി.ദേവി വെള്ളാംവെള്ളി താഴെക്കുനി | 6 |
| 7 | ശ്രീമതി. ചീരു നടക്കോത്ത് | 3 |
| 8 | ശ്രീ.അനീഷ് കാത്തോയ്യൽ | 4 |
| 9 | ശ്രീമതി.ജാനു ചില്ലിന്റവിട | 3 |
| 10 | ശ്രീ.കുമാരൻ പുഴക്കൽ പറമ്പത്ത് | 4 |
| 11 | ശ്രീമതി.മാണി സ്രാംപ്രിയിൽ | 9 |
| 12 | ശ്രീ.ചെറുവറ്റ പോയിൽ | 10 |
| 13 | ശ്രീമതി. ദേവി പുറേരി | 10 |
| 14 | ശ്രീ.നാണു കക്കുറയിൽ | 2 |
| 15 | ശ്രീ.മാത്തു കാച്ച്യത്തറമ്മൽ | 2 |
| 16 | ശ്രീ.ഉമ്മാച്ച പെരിയാറമ്പത്ത് | 2 |
| 17 | ശ്രീമതി. പുഷ്പ പുതുശ്ശേരി. | 2 |
| 18 | ശ്രീ.യൂസഫ് തട്ടാന്റവിട | 15 |
| 19 | ശ്രീമതി.ശകുന്തള ചെറുവലത്ത് | 15 |
| 20 | ശ്രീമതി.രാധ താഴക്കുറ്റിയിൽ | 5 |
| 21 | ശ്രീമതി.മാതു കല്ലാച്ചിപോയിൽ താഴക്കുനി | 13 |
| 22 | ശ്രീമതി.ലക്ഷ്മി എടവലത്ത് താഴക്കുനി | 11 |
| 23 | ശ്രീമതി.ചന്ദ്രി അമ്പലത്ത് താഴക്കുനി | 11 |
| 24 | ശ്രീ.ഗോപാലൻ കേളോത്ത് | 11 |
| 25 | ശ്രീ.പാറു ചെറുവറ്റ മീത്തൽ | 10 |
| 26 | ശ്രീമതി. ശാന്ത കുണ്ടന്റവിട. | 9 |
| 27 | ശ്രീമതി.ചിത്ര കുണ്ടന്റവിട | 9 |
| 28 | ശ്രീമതി.കമലാക്ഷി എളങ്ങാര പ്പൊയിൽ | 7 |

2) ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം മരുന്ന് എന്നിവ ലഭ്യമാക്കുന്നില്ല

ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം മരുന്ന് എന്നിവ ലഭ്യമാക്കുന്നത് 2022 മാർച്ച് മാസം മുതൽ നിർത്തി വച്ചിരിക്കുകയാണ് . ജില്ലാ മിഷനിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നില്ല എന്ന കാരണത്താലാണ് ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം നിർത്തി വച്ചിട്ടുള്ളത് . മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ട പദ്ധതി നിർത്തി വച്ചിട്ടുള്ളത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈ ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതികളിൽ ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതി | ചെലവ് തുക |
|---|---|---|
| 1 | 106/22 ചെറുവലത്ത് ഭാഗം കുടിവെള്ള പദ്ധതി | 697715 |
| 2 | 134/22 പുതുശ്ശേരി ജലസേചന കിണർ | 16457 |
| 3 | 107/22 ചെറുവലത്ത് ഭാഗം ജലസേചന പദ്ധതി | 125615 |
| 4 | 136/22 പനാംകുന്നമ്മൽ കുടിവെള്ള പദ്ധതി | 174437 |
| | ആകെ | 1014224 |

ഈ പദ്ധതികളിൽ കിണർ നിർമ്മാണം പൂർത്തിയായതല്ലാതെ പദ്ധതി പൂർത്തിയാക്കി കുടിവെള്ള വിതരണവും ജലസേചനവും ആരംഭിച്ച് പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃ കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല. കൂടാതെ ഈ പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ച് ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ സഹിതം ഹാജരാക്കുന്നത് വരെ 1014224 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 ഒരേ പേരിൽ വ്യത്യസ്ത റോഡുകളിൽ പ്രവർത്തികൾ നടപ്പിലാക്കുന്ന നടത്തിയ പ്രവർത്തി ചെയിനേജിൽ അവ്യക്തത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

തുമ്പോളി മണക്കടവ് റോഡ് എന്ന പേരിൽ ആസ്തി റജിസ്റ്ററിൽ ക്രമ നമ്പർ 616 ആയി 200 മീറ്റർ നീളത്തിൽ വാർഡ് 14 ൽ ഒരു റോഡ് ഉണ്ട്. ഇതിന്റെ നവീകരണത്തിനായി ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തിലും തുമ്പോളി മണക്കടവ് റോഡ് എന്ന പേരിൽ മറ്റൊരു പ്രവർത്തിയും നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ.

| പദ്ധതി | ചെലവ് തുക | ചെയിനേജ് | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 109/22<br>തുമ്പോളി മണക്കടവ് റോഡ് | 338038 | 00/116 | 2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ശ്രീ സുജനപാൽ എന്ന കരാറുകാരൻ 116 മീറ്റർ നീളത്തിൽ റോഡ് സൈഡ് കെട്ടി ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 27/22<br>തുമ്പോളി മണക്കടവ് റോഡ് | 297495 | 00/66 | ഈ പദ്ധതിയിൽ ശ്രീ റഫീഖ് എന്ന കരാറുകാരൻ 66 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റീങ്ങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 156/20<br>തുമ്പോളി മണക്കടവ് റോഡ് | 153369 | 00/45 | ഈ പദ്ധതിയിൽ ശ്രീ റഫീഖ് എന്ന കരാറുകാരൻ 45 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റീങ്ങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) മേൽ പ്രവൃത്തികളിൽ ഒരേ ചെയിനേജിൽ പ്രവൃത്തികൾ നടപ്പിലാക്കിയതായി കാണുന്നു. പ്രവൃത്തികളിൽ ഓവർലാപ്പ് ഉണ്ടായിട്ടില്ല എന്ന് തെളിയിക്കുന്നതിന് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഈ മൂന്നു പ്രവൃത്തികളിലേയും സൈറ്റ് പ്ലാൻ ഒരേ രീതിയിൽ ഉള്ളതാണ്. സമീപ റോഡുകൾ ഒരേ പേരിൽ കാണപ്പെടുന്നു.

2) ക്രമ നമ്പർ മൂന്നു പ്രകാരമുള്ള പ്രവൃത്തിയിൽ റോഡ് വാർഡ് നാലിലാണെന്ന് ഫയലിൽ സൂചനയുണ്ട്. വാർഡ് 4 ൽ ആസ്തി റജിസ്റ്ററിൽ ഈ റോഡ് കാണാൻ സാധിച്ചിട്ടില്ല.

ഒരേ റോഡിൽ ഓരേ ചെയിനേജിൽ വ്യത്യസ്ത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വ്യത്യസ്ത റോഡുകൾക്ക് ഒരേ പേർ നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 19/2021-22 തീയതി. 19.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നത് വരെ ഓഡിറ്റ് വർഷം ചെലവഴിച്ച് 635533 (338038+297495) രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-24 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. ജി.ഒ(പി)10/17/ആ.സാ.വ/19.04.2017 പ്രകാരമുള്ള നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മാലിന്യ നിർമ്മാജന പദ്ധതികളിൽ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

12.8.2020 ലെ സ.ഉ (സാധാ) നം.1496/2020/തസ്വഭവ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണത്തിനും

അജൈവമാലിന്യ സംസ്കരണത്തിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്താണ്. ഇതിനായി എം.സി.എഫ്, എം.ആർ.എഫ്, ആർ.ആർ.എഫ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. ആയവ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല.ഹരിത കർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ വെച്ച് വേർതിരിച്ച് പുനരുപയോഗയോഗ്യമായത് വിൽപ്പന നടത്തി വരുമാനം ആർജിക്കാൻ കഴിയുമായിരുന്നു. ഇവിടെ ശേഖരിക്കുന്ന പുനരു പയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ കിലോയ്ക്ക് 11.8 രൂപ നൽകി ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്ന സാഹചര്യമാണ് ഉള്ളത്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിലധിഷ്ഠിതമായാണ് മാലിന്യ നിർമ്മാർജനം സാധ്യമാകേണ്ടത്. മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്ത് വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ മാലിന്യം സംസ്കരിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്.

2.ഹരിത കർമ്മ സേന സ്വയം പര്യാപ്തമല്ല

ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 27 ഹരിതകർമ്മസേനാംഗങ്ങളാണ് ഉള്ളത്. 2ാം വാർഡിൽ നിലവിൽ ഹരിത കർമ്മസേന ഇല്ല. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ധാരാളം അപാകതകൾ കാണുന്നു. യൂസർ ഫീ ഇനത്തിലും മറ്റും പൊതുജനങ്ങളിൽ പണം പിരിക്കുന്നതിനായി അച്ചടിക്കുന്ന രശീതി ബുക്കുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല . ആകെ എത്ര രശീതികൾ അച്ചടിച്ചു എന്ന് വ്യക്തമല്ല. ആയവ സ്റ്റോക്കിൽ എടുത്ത് ക്രമ പ്രകാരം ഹരിത കർമ്മസേനയ്ക്ക് നൽകുക, ഹരിത കർമ്മസേ പിരിച്ചെടുക്കുന്ന തുകകൾ ലഭിയ്ക്കുന്ന മുറയ്ക്ക് ബാങ്കിൽ അടയ്ക്കുക എന്നിവ കൃത്യതയോടെ ചെയ്യേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. യൂസർ ഫീ ആയി ലഭിയ്ക്കുന്ന തുക ബാങ്കിൽ അടയ്ക്കുന്നതിന് കൃത്യമായ രേഖകൾ എഴുതിത്തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തുക പിരിയ്ക്കാൻ നിലവിൽ ഉപയോഗിക്കുന്ന രശീതി ബുക്കിൽ രശീതിയിൽ തുകകൾ എഴുതിച്ചേർക്കുന്ന ഫോർമാറ്റിൽ ഉള്ളതാണ്. ഇത് ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്ന രീതിയിലുള്ളതല്ല. നിലവിൽ ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തിക്കുന്നില്ല. മൂന്നുമാസത്തോളമായി ഹരിതകർമ്മ സേന വീടുകളിൽ നിന്നും കടകളിൽനിന്നുമൊക്കെ മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവർത്തി നിർത്തിവച്ചിരിക്കുകയാണ്. മൂന്ന് മാസമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം ലഭ്യമാക്കുന്നില്ല. ആയതിനാൽ ഹരിതകർമ്മസേനാംഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലും മറ്റും വ്യാപൃതമാകുന്നത് മാലിന്യ നിർമ്മാർജനം എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഹരിത കർമ്മസേനയ്ക്ക് മാലിന്യശേഖരണത്തിനും സംസ്കരണത്തിലും സൗകര്യങ്ങൾ ഒരുക്കിഅവരെ സ്വയം പര്യാപ്തമാക്കേണ്ടതും എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിലധിഷ്ഠിതമായി മാലിന്യസംസ്കരണത്തിനുള്ള ഗ്രാമ പഞ്ചായത്തിന്റെ ചെലവ് കുറച്ചുകൊണ്ടു വരേണ്ടതാണ്

3)അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി , എന്ന സ്ഥാപനത്തെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഏൽപ്പിച്ചിട്ടുള്ളത്. വിവിധ വെയ്ബ്രിഡ്ജുകളിൽ തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്.

4) 28.7.21 മുതൽ ഹരിത കർമ്മസേനയുടെ ബാങ്ക് അക്കൗണ്ട് കേരള ഗ്രാമീണ ബാങ്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആയതിന് മുൻപ് പണമിടപാടുകൾ നടത്തിയ ബാങ്കിന്റെ പാസ്ബുക്ക് / സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) ഹരിത കർമ്മ സേനയുടെ പ്രവർത്തന മിനുട്സുകൾ പരിശോധിച്ചതിൽ മിനുട്സുകൾ പൂർണ്ണമല്ല.

20.3.21 ന ചേർന്ന മീറ്റിങ്ങിൽ എടുത്ത ഒരു തീരുമാനം ഭരണ സമിതിയോഗത്തിൽ രണ്ട് മാറ്റങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചു എന്നും അതിൽ ഒന്ന് യൂസർ ഫീസ് 50 രൂപ പിരിച്ചെടുക്കുമ്പോൾ മുപ്പതു രൂപ ഹരിത കർമ്മ സേനയ്ക്കും 20 രൂപ ഭരണ സമിതിയ്ക്കും എന്നതാണ്. ഈ തീരുമാനത്തിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

6)മാലിന്യ -ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു

മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും മറ്റും മുൻവർഷങ്ങളിൽ ലഭിച്ച 2763335 വിനിയോഗിക്കാതെ ബാലൻസ് ഷീറ്റിൽ കാണുന്നു.

ഈ തുക ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും, ഉപയോഗപ്പെടുത്താത്ത തുക തിരികെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ് .

1-25 ഹരിത കർമ്മ സേന അജൈവ മാലിന്യം കയറ്റി അയക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഓഡിറ്റ് എൻക്വയറി 18/2021-22 തീയതി. 19.11.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി -140/22

ചെലവ് തുക - 300000

ബിൽ നമ്പർ - 547661/27.3.22

ഈ പദ്ധതിയിൽ ക്ലീൻ കേരള കമ്പനിയ്ക്ക് റിജെക്ടഡ് മാലിന്യങ്ങൾ കയറ്റി അയച്ചതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച 138205 കിലോഗ്രാം മാലിന്യങ്ങൾ കിലോയ്ക്ക് 11.8 രൂപ നിരക്കിൽ 1630819രൂപ നൽകുന്നതിന് 22.1.22ന് ക്ലീൻ കേരള കമ്പനി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിൽ നിന്ന് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1) കയറ്റി അയയ്ക്കുന്ന മാലിന്യങ്ങളുടെ തൂക്കം ഗ്രാമ പഞ്ചായത്തിന് ഏറ്റവും അടുത്ത് വെയിങ്ങ് സ്റ്റേഷനിൽ നിന്ന് എടുക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ബില്ലിനോടെപ്പം സമർപ്പിച്ചിട്ടുള്ള മാലിന്യങ്ങളുടെ തൂക്ക രശീതിയിൽ ഗ്രാമപഞ്ചായത്തിന്ന് വളരെ അധികം ദൂരത്തിൽ സ്ഥിതി ചെയ്യുന്ന വെയിങ്ങ്സ്റ്റേഷനിൽ നിന്ന് തൂക്കം എടുത്തിട്ടുള്ളതാണ്. ലക്ഷ്മി ഇലക്ട്രോണിക്ക് വെയി ബ്രീഡ്ജ് കൊയിലാണ്ടി, ദിൽകുഷ് വെയി ബ്രീഡ്ജ് രാമനാട്ടുകര, യെൻകി ഇലക്ട്രോണിക്ക് വെയി ബ്രിഡ്ജ് വെസ്റ്റ് ഹിൽ, മലബാർ വെയി ബ്രീഡ്ജ് മലപ്പുറം, പൊക്കഞ്ചേരി വെയി ബ്രീഡ്ജ് കല്ലായി ,പാറാടൻ വെയി ബ്രീഡ്ജ് പന്തീരാങ്കാവ് എന്നീവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള തൂക്ക ബില്ലുകൾ അംഗീകരിക്കുന്നതല്ല.

2) പദ്ധതി ഫയലിൽ ക്ലീൻ കേരള കമ്പനിയ്ക്ക് വേണ്ടി മാലിന്യം നിക്കം ചെയ്തിട്ടുള്ളത് ഒലീനാ മഹിളാ സമാജമാണ് എന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത് ഒലീനാ മഹിളാ സമാജം എന്ന സ്ഥാപനം സർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിലാണ് ക്ലീൻകേരള കമ്പനിയ്ക്ക് നൽകേണ്ടതുക നിശ്ചയിച്ചിട്ടുള്ളത്. ഹരിത കർമ്മ സേനയുടെ രേഖകൾ പരിശോധിച്ചതിൽ ഹരിത കർസേന ശേഖരിച്ച മാലിന്യങ്ങൾ അല്ല കയറ്റി അയച്ചിട്ടുള്ളത്.

3) കയറ്റി അയയ്ക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയെന്നത് സംബന്ധിച്ച് യാതൊരു രേഖയും ഗ്രാമ പഞ്ചായത്തിൽ ഇല്ല.

4) ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകുമ്പോൾ 18% ജി.എസ്.ടി അനുവദിക്കുന്നതായി കാണുന്നു.18% ജി.എസ്.ടി ഉൾപ്പെടെ 11.8 രൂപയാണ് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നത്. മാലിന്യങ്ങൾക്ക് 5%

ജി.എസ്.ടി അനുവദിച്ചാൽ മതിയെന്നിരിക്കെ അധിക നിരക്കിൽ നികുതി അനുവദിച്ച് അധിക ചെലവ് വരുത്തുന്നുണ്ട്.

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 300000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-26 മാലിന്യം സൂക്ഷിക്കാൻ പോളിത്തീൻ പായ വാടകയ്ക്ക് എടുത്തത് വീഴ്ച

ഒന്നാം വാർഡിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മഴ നനയാതെ സൂക്ഷിക്കുന്നതിന് നാല് ടാർപോളിൻ ഷീറ്റുകൾ ,മർക്കസുൾ ഹുദാ ജുമാ മസ്ജിദ് കമ്മിറ്റിയിൽ നിന്നും വാടകയ്ക്ക് എടുത്തവകയിൽ ആകെ 10800/-രൂപ 22100915/23.2.22നമ്പർ വൌച്ചർ പ്രകാരം മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഒരെണ്ണത്തിന് ഒരു ദിവസം 30/- രൂപ നിരക്കിൽ ആകെ 3മാസം ഉപയോഗിച്ചതിനാണ് തുക നൽകിയിരിക്കുന്നത്(30x4x 90) മേൽപറഞ്ഞ നിരക്കിൽ 3 മാസത്തേക്ക് പായകൾ ആവശ്യപ്പെട്ട് വി ഇ ഒ സമീപിച്ചതിനെ തുടർന്നാണ് 2020മാർച്ച് മാസത്തിൽ ഇവ നല്കിയതെന്നും എന്നാൽ ആറു മാസം കഴിഞ്ഞാണ് ഇവ തിരികെ നല്കിയതെന്നും നാളിതുവരെ പായകളുടെ വാടക നല്കിയിട്ടില്ലെന്നും സൂചിപ്പിച്ച് 3.8.21 ന് മേൽ സ്ഥാപനം നല്കിയ കത്തിനെ തുടർന്നാണ് തുക അനുവദിച്ചിരിക്കുന്നത്.അന്നത്തെ വി ഇ ഒ പായകൾ വാടകയ്ക്ക് എടുത്തിരുന്നുവെന്ന നിലവിലെ വി ഇ ഒ യുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് കാണുന്നു.

എ) പായകൾക്ക് അനുവദിച്ച വാടക തുക പായകളുടെ യഥാർത്ഥ വിലയേക്കാൾ കൂടുതലാണെന്ന്(ഒരു പായക്ക് 2700/-രൂപ വീതം വാടക നല്കിയിട്ടുണ്ട്.) പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാകുന്നതാണ്. പായകൾ മൂന്ന് മാസക്കാലം ആവശ്യമാണെന്ന് മുൻകൂട്ടി തന്നെ വി ഇ ഒയ്ക്ക് ബോധ്യമുണ്ടായിരുന്നെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. മേല്പറഞ്ഞ നിരക്കിൽ ദീർഘകാലത്തേക്ക് വാടകയ്ക്കെടുക്കുന്നതിനു പകരം പുതിയ പായ വില കൊടുത്തു വാങ്ങേണ്ടതായിരുന്നു. പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നതിൽ മിതത്വം പാലിക്കണമെന്ന ഫിനാൻഷ്യൽ കോഡിലെ നിർദ്ദേശത്തിന് വിരുദ്ധമായാണ് വി ഇ ഒ പ്രവർത്തിച്ചതെന്നു കാണാം.

ബി) പായകൾ ആവശ്യമായി വന്ന സാഹചര്യം ,ഇവ വാടകയ്ക്ക് എടുക്കാനുള്ള നിർദ്ദേശം ,ഇക്കാര്യത്തിനായി സ്ഥാപനത്തെ തെരെഞ്ഞെടുത്ത രീതി എന്നീ കാര്യങ്ങളിൽ യാതൊരു വ്യക്തതയും വൌച്ചറിന്റെ ഭാഗമായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

1-27 എം സി എഫിനായി കെട്ടിടം/സ്ഥലം വാടകയ്ക്ക് എടുത്തത് -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

വൌച്ചർ നം -22100106/6.5.21

ചെലവ് തുക -36000/-രൂപ

എം സി എഫിനായി വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ രണ്ട് മാസത്തെ വാടകയിനത്തിൽ 36000/-രൂപ (18000/-രൂപ നിരക്കിൽ) മേൽ വൗച്ചർ പ്രകാരം ശ്രീമതി കടോളി മറിയം എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കെട്ടിടമല്ല മറിച്ച് സ്ഥലമാണ് വാടകയ്ക്ക് ലഭ്യമാക്കിയതെന്ന് കാണുന്നു. നാലാം വാർഡിലെ അരിയേരി പറമ്പ് എന്ന സ്ഥലം താല്ക്കാലികമാലിന്യ നിരക്ഷേപത്തിന് പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ അഭ്യർത്ഥന മാനിച്ച് മാസ വാടക നിശ്ചയിച്ച് കഴിഞ്ഞ വർഷം നല്കിയിരുന്നെന്നും ആറു മാസമായിട്ടും തുകയൊന്നും ലഭിച്ചിട്ടില്ലെന്നുമുള്ള ശ്രീമതി കടോളി മറിയത്തിന്റെ 23.4.21ലെ കത്ത് അടിസ്ഥാനപ്പെടുത്തിയാണ് തുക നല്കിയത്. മാലിന്യം സൂക്ഷിക്കുന്നതിന് സ്ഥലം ആവശ്യമായി വന്ന സാഹചര്യം ,ഇവ വാടകയ്ക്ക് എടുക്കാനുള്ള തീരുമാനം

,ഇക്കാര്യത്തിനായി സ്ഥലം തെരെഞ്ഞെടുത്ത രീതി ,സ്ഥലമുടമയുമായി വച്ച കരാർ എന്നീ കാര്യങ്ങളിൽ യാതൊരു വ്യക്തതയും വൌച്ചറിന്റെ ഭാഗമായില്ല.ഇക്കാര്യങ്ങളിൽ വ്യക്തത നല്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ഹോമിയോആശുപത്രികളിലേക്ക് മരുന്നുകൾ ലഭ്യമായില്ല പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിലെ രണ്ട് ഹോമിയോ ആശുപത്രികളിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് രണ്ടു പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 500000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് നൽകി വളരെ കാലം കഴിഞ്ഞിട്ടും നാളിതുവരെ താഴെക്കാണിച്ച പ്രകാരം രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| പദ്ധതി | ബിൽ നമ്പർ തിയ്യതി | ചെലവ് തുക | ലഭ്യമായ മരുന്നുകൾ | ബാക്കി തുക |
|---|---|---|---|---|
| 188/22<br>APSH-NHM തുണേരി ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 121630/22.2.22 | 2,00,000 | 0 | 2,00,000 |
| 39/22<br>GHD തുണേരിയ്ക്ക് മരുന്ന് വാങ്ങൽ | 604102/ 11.10.21 | 3,00,000 | 2,21,284 | 78,716 |
| | | | ആകെ | 2,78,716 |

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥ ഹോമിയോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കത്തെഴുതുന്നുണ്ടെങ്കിലും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. എൻ.എച്ച്.എം ഹോമിയോ ആശുപത്രിയിലേക്ക് ആവശ്യമായ 2,00,000 രൂപയ്ക്കുള്ള മരുന്നിൽ ഒരു മരുന്നും നാളിതുവരെ ലഭ്യമായിട്ടില്ല. എന്നിട്ടും ആശുപത്രി പ്രവർത്തിച്ചത് എങ്ങനെയെന്നും യഥാർഥത്തിലുള്ള ആവശ്യകതയ്ക്കല്ല മരുന്നിന് തുക നൽകിയത് എന്നും വ്യക്തമാണ് .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ 2,78,716 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-29 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/21-22/18.11.22) മറുപടി നൽകിയിട്ടില്ല. വനിതാ ഘടക പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-30 ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്തത്- ചെലവ് ഒഴിവാക്കാവുന്നത്

ഓഡിറ്റ് വർഷത്തിൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം രൂപ ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം | വൌച്ചർ നം | തുക |
|---|---|---|
| 1 | 22100187/21.6.21 | 7500/- |
| 2 | 22100806/14.1.22 | 1400/- |
| 3 | 22101018/21.3.22 | 1400/- |

എന്നാൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-31 അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ താഴെ ചേർത്ത വിധം തുക തിരികെ ലഭിക്കാനുള്ളതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൈപ്പറ്റിയത് | കൈപ്പറ്റിയ തിയ്യതി | തുക |
|---|---|---|---|
| 1 | സി.വിജയകുമാർ, യു.ഡി ക്ലർക്ക് | 05.09.11 | 6800 |
| 2 | ജിജ്ജു സി.കെ, എൽ.ഡി.സി | 05.09.11 | 6800 |
| 3 | എ.കെ.രാജൻ, അസി.സെക്രട്ടറി | 07.09.16 | 3000 |
| ആകെ | | | 16600 |

മുൻകൂർ നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്

### 1-32 സാക്ഷരത പ്രേരക മാർക്ക് ഓണറേറിയം നൽകിയത് - തിരികെ ലഭിച്ചിട്ടില്ല.

2021-22 വർഷം സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22100018/3.4.2021 | 16200 | 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലെ ഹോണറേറിയം |
| 22100052/22.4.2021 | 8280 | 2021 ഫെബ്രുവരി മാസത്തെ ഹോണറേറിയം |

| | | |
|---|---|---|
| 22100315/3.8.2021 | 8640 | 2021 മാർച്ച് മാസത്തെ ഹോണറേറിയം |
| ആകെ | 33120 | |

സാക്ഷരതാ മിഷനിൽ നിന്നും ഓണറേറിയം തുക ലഭിക്കുവാൻ വൈകുന്ന സമയങ്ങളിൽ തനത്ഫണ്ടിൽ നിന്നും തുക നൽകേണ്ടതും, വിവരം ജില്ലാ സാക്ഷരതാ മിഷൻ അറിയിച്ച് തിരികെ വാങ്ങേണ്ടതുമാണ്. എന്നാൽ 2021-22 ൽ നൽകിയ 33120/- രൂപ തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-33 മുൻകൂർ ക്രമപ്പെടുത്തിയില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2010-11 വർഷം മുതലുള്ള മുൻകൂറുകൾ ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൈപ്പറ്റിയത് | കൈപ്പറ്റിയ തിയ്യതി | തുക | ഇനം |
|---|---|---|---|---|
| 1 | വി.ഇ.ഒ,ളുണേരി | 29.04.10 | 1400 | ടോട്ടൽ സാനിറ്റേഷൻ |
| 2 | വി.ഇ.ഒ,ളുണേരി | 27.04.17 | 200000 | മാലിന്യ സംസ്കരണം |
| 3 | വി.ഇ.ഒ,ളുണേരി | 15.05.17 | 13475 | മഴക്കാല പൂർവ ശുചീകരണം |
| 4 | വി.ഇ.ഒ,ളുണേരി | 14.06.17 | 10000 | മഴക്കാല പൂർവ ശുചീകരണം |

തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കുകയോ മുൻകൂർ ക്രമീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മുൻകൂർ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16.11.2022, 17.11.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 450000 | പശുഗ്രാമം | 450000 |
| | 2021-22 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 |
| | 2021-22 | 31536 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 31536 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 150000 |
| | 2021-22 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 |
| | 2021-22 | 26280 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 26280 |
| | 2021-22 | 20000 | വിശപ്പ് രഹിത കേരളം | 20000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാറഭാഗം അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ (സ്പിൽ ഓവർ) | 22000566 | 100000/- | 0 | 100000/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കോട്ടൂർ അംഗൻവാടി | 22001019 | 180000/- | 0 | 180000/- |
| കെ എസ് ഇ ബി | ത്രീ ഫേസ് ലൈൻ കണക്ഷൻ. ചെറുവലത്ത് കുടിവെള്ള പദ്ധതി | 22000994 | 86341/- | 0 | 86341/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2018-19/ജി.ഒ (എം.എസ്) 68/2018/ തസ്വഭവ തി.18.05.2018 | - | 11985333/- | 1038785/- | 0 | 10900000/- |

4-6. സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി നം-2470 | 09.02.1997 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് നം-312 |
| ആകെ | | | | 10000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18933/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 3-3 | 1563 | ബാബു. കൺവീനർ | 121010102115/27.11.21 |
| 1999-00 | 3-5 | 1472 | ടി കുഞ്ഞിരാമൻ | 121010102116/27.11.21 |
| 2003-04 | 3-3 | 3080 | കെ കുഞ്ഞിരാമൻ | 121010102117/27.11.21 |
| 2003-04 | 3-5 | 2265 | ഇല്ലത്ത് ഗംഗാധരൻ | 121010102118/27.11.21 |
| 2005-06 | 3-4 | 1140 | കുഞ്ഞിരാമൻ | 121010103524/30.12.21 |
| 2007-08 | 3-2-E | 1090 | സി രാഘവൻ | 121010104358/7.2.s22 |
| 2007-08 | 3-2-D | 6823 | സഹജൻ(റിട്ട സെക്രട്ടറി) | 121010500016/10.1.22 |
| 2014-15 | 3-17 | 1500 | സുമോദ്. സി കെ | 121010103525/30.12.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 22,23 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | 23,24 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | | 2004-05 | 11.13.7.11 38<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| | | 2015-16 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 4.1.5<br>38 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ)1.70<br>90 | ആശ്രയ വീടിന് സ്ഥലം | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ) 2.4<br>91 | വീട് റിപ്പയർ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ).3.2 91 | കുടിവെള്ളം | പരാമർശം നിലനില്ക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4-188 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5.212 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72918763.25 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55131453.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2477773.00 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 202500 | ശ്രീമതി. ദൃശ്യ. ഡി എസ്,കൃഷി ഓഫീസർ |
| 1-22 | 1014224 | ശ്രീ. മുഹമ്മദ് റോഷൻ ,അസി. എഞ്ചിനീയർ |
| 1-23 | 635533 | |
| 1-25 | 300000 | ശ്രീ.മഹേഷ് കെ.കെ,വി.ഇ.ഒ |
| 1-26 | 10800 | ശ്രീമതി.രാജശ്രീ സി.എച്ച്,സെക്രട്ടറി |
| 1-27 | 36000 | |
| 1-28 | 278716 | ശ്രീമതി.സൗമ്യവതി എൻ കെ,മെഡിക്കൽ ഓഫീസർ(ഹോമിയോ) |

| | | |
|---|---|---|
| ആകെ | 2477773 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദൃശ്യ. ഡി എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ , തൂണേരി ഗ്രാമപഞ്ചായത്ത്. | കുനിയിൽ വീട്, പുറമേരി പി ഒ, വടകര, കോഴിക്കോട് |
| ശ്രീ. മുഹമ്മദ് റോഷൻ , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, തൂണേരി ഗ്രാമപഞ്ചായത്ത്. | ഏരത്ത് (ഹൗസ്) നാദാപുരം (പി ഒ) കോഴിക്കോട് |
| ശ്രീ.മഹേഷ് കെ.കെ , വി.ഇ.ഒ | വി.ഇ.ഒ , അഴിയൂർ ഗ്രാമപഞ്ചായത്ത് | നീതം ഹൗസ്, കല്ലുമല, ചോമ്പാല പി ഒ, 673308 പിൻ |
| ശ്രീമതി.രാജശ്രീ സി.എച്ച് | സെക്രട്ടറി, തൂണേരി ഗ്രാമപഞ്ചായത്ത്. | നിയതം (ഹൗസ്), കോടഞ്ചേരി പിഒ, പുറമേരി |
| ശ്രീമതി.സൗമ്യവതി എൻ കെ , മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ) , തൂണേരി ഗ്രാമപഞ്ചായത്ത്. | സ്നേഹതീരം, നരിപ്പറ്റ പി ഒ, കല്ലാച്ചി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ | റിമാർക്സ് |
|---|---|---|---|

| | കത്തിടപാടിന്റെ വിവരം | എണ്ണം | |
|---|---|---|---|
| 1998-99 | കെ.എസ്.എ കെകെഡി പി5/1458/2019(1) തി.17.11.2020 | 1 | 33 |
| 1999-00 | കെ.എസ്.എ കെകെഡി പി5/1458/2019(2) തി.17.11.2020 | 3 | 35,39 |
| 2000-01 (ചെലവ്) | കെ.എസ്.എ കെകെഡി പി5/1458/2019(4)തി.17.11.2020 | 1 | 3-4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 4 | 2-1,3-2,3-3, 3-4, |
| 2003-04 | കെ.എസ്.എ കെകെഡി പി5/1458/2019(5)തി.17.11.2020 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 11 | 1-5, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-11, 3-12, 3-13 |
| 2005-06 | കെ.എസ്.എ കെകെഡി പി5/1458/2019(6)തി.17.11.2020 | 5 | 3-1, 3-4, 3-6, 3-7, 3-9 |
| 2006-07 | കെ.എസ്.എ കെകെഡി പി5/1458/2019(7)തി.17.11.2020 | 6 | 3-1, 3-2, 3-4, 3-6, 3-7, 3-8 |
| 2007-08 | കെ.എസ്.എ കെകെഡി പി5/1458/2019(8)തി.17.11.2020 | 6 | 3-2(ഡി), ഇ, 3-3(എ), 3-6, 3-9(1)(2) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി11/951/14 തീ.10/10/14 | 2 | 3-6,3-12 |
| 2010-11 & 2011-12 | കെ.എസ്.എ കെകെഡി പി5/1804/2019(1) തി.17.11.2020 | 7 | 3-3, 3-5, 3-10, 3-13, 3-15, 3-16, 3-17 |
| 2012-13 & 2013-14 | കെ.എസ്.എ കെകെഡി പി5/1987/2019(2) തി.17.11.2020 | 16 | 3-2, 3-3, 3-4, 3-7, 3-8, 3-10, 3-11, 3-12(1), 3-12(4), 3-13(2), 3-15, 3-16, 3-18, 3-19, 3-20,3-21 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804/2019(2) തി.17.11.2020 | 14 | 2(1,2),3-1, 3-4, 3-5, 3-6,3-7, 3-8, 3-3-11, 3-12, 3-17, 13-8, 3-19, 3-20, 3-21 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/1804 പി5/2019(3)തി.17/11/2020 | 11 | 2-1(2,4), 2-4,3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804/2019(4) തി.17/11/2020 | 13 | 2-1(1,4), 2-2, 2-5, 3-3, 3-4, 3-7, 3-9, 3-10,3-11(3),3-14, 3-15, 3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി5/ 687/2020 തി.10/11/2020 | 11 | 1-12, 2-3, 2-4(4), 3-1(7), 3-2(1), 3-2(2,4), 3-5, 3-9, 3-13(2) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 687/2020 തി.10/11/2020 | 40 | 1-1 മുതൽ 1-37 വരെ, 3-1, 3-2, 3-3 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി5 /1270/2021 തി.20.03.2021 | 10 | 1-2 (1)മുതൽ 1-9 വരെ |
| 2020-21 | KSA/KKD/P5/994/2022 തി. 13.06.2022 | 34 | 1-1 മുതൽ 1-34 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്